# പറയഞ്ചേരി ജി.എൽ.പി. സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

## ആമുഖം

2025-26 അധ്യയന വർഷത്തിൽ നാലാംതരത്തിൽ
പഠിക്കുന്ന മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും
തുല്യതയും ഗുണനിലവാരവും ഉള്ള വിദ്യാഭ്യാസം
ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി
കരിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ മാർഗരേഖ.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്

### മലയാളം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ, ശില്പശാല സംയുക്തഡയറി, സചിത്രപുസ്തകം, സ്വതന്ത്രരചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാകുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ, വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങൾ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.

• രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.

• ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.

• കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.

• ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘുകവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.

• ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനക്ക് അവസരം ഒരുക്കുന്നു.

• സർഗശേഷികൾ കൈവരിക്കുന്നു.

• പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.

• രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്തഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ

## പ്രവർത്തനങ്ങൾ

* സചിത്രനോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

* സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

* അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം.

* ചിത്രകാർഡുകൾ, വായന കാർഡുകൾ നിർമ്മാണ- ശില്പശാല

* താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ

## ജൂലൈ

### പ്രവർത്തനങ്ങൾ

* സംയുക്തഡയറി എഴുതാൻ സഹായം ഒരുക്കൽ
* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
* വായനക്കൂട്, ക്ലാസ് ലൈബ്രറി ഒരുക്കൽ
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്തഡയറി എഴുതുന്നു.
* ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
* ചിത്രവായനക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

### പ്രവർത്തനങ്ങൾ

* വീഡിയോ തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ് മലയാളം മധുരം പ്രവർത്തനങ്ങൾ.
* ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
* സംയുക്തഡയറി എഴുത്ത് തുടരുന്നു.
* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
* ആശയഗ്രഹണത്തിലൂടെ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടുന്നു.
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

## സെപ്റ്റംബർ

## പ്രവർത്തനങ്ങൾ

* സംയുക്താക്ഷരി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
* സ്വതന്ത്രരചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്താക്ഷരി മെച്ചപ്പെടുത്തുന്നു.
* വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
* കുട്ടികളെ സ്വതന്ത്രരചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

## ഒക്ടോബർ

## പ്രവർത്തനങ്ങൾ

* വായനോത്സവം സംഘടിപ്പിക്കുന്നു.
* ആസ്വാദ്യകരമായ വായന നടത്തുന്നു.
* ചിത്രവായനക്ക് അവസരം ഒരുക്കുന്നു.
* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്രരചനകൾ പ്രദർശിപ്പിക്കുന്നു.
* ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

## നവംബർ

### പ്രവർത്തനങ്ങൾ

* സംയുക്തഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്രരചയിതാക്കൾ ആകുന്നു.
* കൂട്ടവായന, നാട്ടുവായന, വീട്ടുവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ
* വായനോത്സവം തുടങ്ങുന്നു.
* ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* ചിത്രവായന നടത്തുന്നു.

## ഡിസംബർ

### പ്രവർത്തനങ്ങൾ

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും.
* രചനശേഷി പരിപോഷിപ്പിക്കൽ
* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാതെ ഭാഷയിൽ എഴുതുന്നു.
* സംയുക്തഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.
* കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.

## ജനുവരി

### പ്രവർത്തനങ്ങൾ

* കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപശാലകൾ നടത്തുന്നു.

* തിയേറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.

* കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.

* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

* കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.

* മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി

### പ്രവർത്തനങ്ങൾ

* ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.

* കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.

* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.

* സ്വന്തമായി രചനകൾ നടത്തി കുഞ്ഞെഴുത്ത് പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.

## മാർച്ച്

## പ്രവർത്തനങ്ങൾ

* കുട്ടികൾ തയ്യാറാക്കിയ കഥകൾ , കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.

* വീട്ടുവായന, കൂട്ടവായന, നാട്ടുവായന ,അമ്മ വായന ചങ്ങല വായന, സ്വന്ത വായന ഇവയ്ക്ക് പ്രോത്സാ- ഹനം ഒരുക്കുന്നു.

* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

## ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു, എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി, തുല്യം കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ, എണ്ണി എടുക്കുന്നു. എഴുതുന്നു വായിക്കുന്നു.
- സംഖ്യകളെ ആരോഹണ - അവരോഹണ ക്രമത്തിൽ ആക്കുന്നു.

- രണ്ട് ഒറ്റയക്ക സംഖ്യകളുടെ സങ്കലനം
- രണ്ട് ഒറ്റയക്ക സംഖ്യകളുടെ വ്യവകലനം.
- ഒറ്റയക്ക സംഖ്യകളുടെ വ്യാഖ്യാനം
- 1 മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുക. എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒറ്റയക്ക സംഖ്യ പാറ്റേൺ രൂപീകരിക്കൽ.

ജൂൺ

* സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
* സംഖ്യാകാർഡ് നിർമ്മിക്കൽ

ജൂലൈ

* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
* സംഖ്യാകാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

* 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
* കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
* ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

* സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
* ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ
* ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
* ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
* സംഖ്യാഗാനങ്ങൾ ആലപിക്കൽ.

## ഒക്ടോബർ

* ഒറ്റസംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ
* ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ്.
* വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ
* ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

## നവംബർ

* സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.
* ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
* ഗണിത ആൽബം തയ്യാറാക്കൽ .

## ജനുവരി

* ഒറ്റസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു
* 1 മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു

## ഫെബ്രുവരി

* ഗണിത ആൽബം പി ടി എ യിൽ പ്രദർശിപ്പിക്കുന്നു
* വില വിവരപ്പട്ടിക, ഭൂപട വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

* ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കംപ്ലീറ്റ് ചെയ്യുന്നു.
* ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
* ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
* സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

# Academic master Plan

## STD 1

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familirise the names of birds, animals their young ones and identifies them.

## June

* Introduce symbol words.
* Provides picture cards.

## July

* Identify familiar words.
* Say familiar words.
* Read familiar words.
* Write familiar words.

## August

* Enjoy songs and sings them with Rhythem and action.
* Describes orally about pictures and objects using adjectives.

## * September

* Read and write simple words and simple sentences.
* provides picture cards and reading cards

## October

* Introduce simple picture descriptions.
* Make word chain, sentence chain.
* Make riddles.
* Describing words, rhyming words.
* Text book activities.

## November

* Prepare reading cards.
* Provide more opportunities to read, write and speak English.
* Writes five English words daily.

## December

* Read and understand simple instructions in the classroom.
* Encourage digital reading.

## January

* Enjoy songs and sings them with Rhythm and action.

* Make picture albums.
* collect pictures of animals and its young ones.

February

* Provide the opportunity to express myself in the classroom.
* English assembly once in a week.

March

* speak English fluently.
* Read and write simple sentences.
* Picture reading and picture description

## പരിസരപഠനം

### ക്ലാസ്- 1

**ലക്ഷ്യങ്ങൾ**

*ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന്കണ്ടെത്തുന്നു..
*വിവിധതരം സസ്യങ്ങൾ(വലിയ മരങ്ങൾ, ചെറിയ ചെടികൾ,പൂക്കുന്നവ,പൂക്കാത്തവ)കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
*സസ്യങ്ങൾക്ക് വേര് തണ്ട് ഇല പൂവ് കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ചു കണ്ടെത്തുന്നു.
*പൂക്കളുടെ സാമ്യ വ്യത്യാസങ്ങൾ(നിറം,ഇതളുകളുടെ എണ്ണം,പ്രയോജനം,ചെറുത് വലുത്) പട്ടികപ്പെടുത്തുന്നു.
*നിറം രുചി ആകൃതി മണം വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു
*പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | പങ്കാളി | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| *ചെടികൾ നിരീക്ഷിച്ച്പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ | *പ്രകൃതി നടത്തം *ചുറ്റുപാടുമുള്ള മരങ്ങൾ ചെടികൾ നിരീക്ഷിക്കുന്നു *പലതരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു | * ജൂൺ * ജൂലൈ * ആഗസ്റ്റ് | അധ്യാപകർ PTA അംഗങ്ങൾ രക്ഷിതാക്കൾ | |
| *ചെടികൾക്ക് വേര് തണ്ട് ഇല പൂവ് കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു. | * സ്കൂളിൽ പൂന്തോട്ടം നിർമിക്കുന്നു. *പൂന്തോട്ടത്തിൽ നിന്നുംചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു. | * സെപ്തംബർ *ഒക്ടോബർ *നവംബർ | അധ്യാപകർ PTA | |
| * ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു | *പച്ചക്കറികൾ പഴങ്ങൾ കിഴങ്ങുകൾ പൂക്കൾഎന്നിവ കൊണ്ടുവരുന്നു | * ഡിസംബർ | രക്ഷിതാക്കൾ അധ്യാപകർ | |

ഹോർമോണിന്റെയും
ഏതു ഭാഗമാണ്
ഭക്ഷണയോഗ്യ
ആയത് കണ്ടെ
ത്തുന്നു

*രക്ഷിതാവിന്റെ *ജനുവരി
സഹായത്തോടെ
അച്ചാറുകളൊക്കെയും
നിർമ്മിക്കുന്നു *ഫെബ്രുവരി
*മാർച്ച്

ജി. എൽ. പി. എസ്. പറയഞ്ചേരി.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

2-ാം ക്ലാസ്സ്

2025-26

വിഷയം: മലയാളം..

# അക്കാദമിക മാസ്റ്റർ പ്ലാൻ. 

സ്കൂൾ: ജി.എൽ.പി.എസ്. പറയഞ്ചേരി
ക്ലാസ്സ് : 2

**ഉള്ളടക്കം:**

ആമുഖം.
പ്രവർത്തന കലണ്ടർ
മലയാള മധുരം
സംഖ്യാന ഡയറി.
പാട്ടരങ്ങ്
റീഡേഴ്സ് തിയേറ്റർ
നാട്ടുവിശേഷം, കൂട്ടെഴുത്ത്.
വായനോത്സവം.
ഭാഷോത്സവം.

## പ്രവർത്തന കലണ്ടർ

| Serial No | പ്രവർത്തനത്തിന്റെ പേര്. | നിർവ്വഹണകാലം |
|---|---|---|
| 1 | പ്രവർത്തന കലണ്ടർ | മെയ്. |
| 2 | മലയാള മധുരം | ജൂൺ-മാർച്ച് |
| 3 | സംഖ്യാന ഡയറി | ജൂൺ-മാർച്ച് |
| 4 | പാട്ടരങ്ങ് | ജൂൺ-മാർച്ച് |
| 5 | റീഡേഴ്സ് തിയേറ്റർ | ജൂലൈ-മാർച്ച് |
| 6 | നാട്ടുവിശേഷം, കൂട്ടെഴുത്ത് | ജൂലൈ-മാർച്ച് |
| 7 | വായനോത്സവം | ജൂൺ-മാർച്ച് |
| 8 | ഭാഷോത്സവം. | ജനുവരി. |

## ആമുഖം:

ജി.എൽ.പി.എസ്. പറയഞ്ചേരിയിലെ 2-ാം ക്ലാസിൽ 2025-26 അധ്യയനവർഷത്തിൽ 3 കുട്ടികൾ പഠിക്കുന്നു. ഈ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനുവേണ്ടി കൃത്യമായ ആസൂത്രണം ആവശ്യമാണ്. ഇതിൽ ഒരു കുട്ടി കേൾവി പരിമിതിയുള്ള കുട്ടിയാണ്. അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് ഈ കുട്ടികളിൽ ഗുണാത്മകമായ മാറ്റം ഉണ്ടാകുന്നതിനു വേണ്ടിയാണ്.

## മലയാളം മധുരം

### പ്രവർത്തന ലക്ഷ്യങ്ങൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരമൊരുക്കുന്നു.
- സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
- ആശയം ഗ്രഹിച്ച് മറുവ്യവഹാരരൂപങ്ങളിലേക്ക് മാറുന്നതിന് അവസരമൊരുക്കുന്നു.
- ദാവാണിക വായനയിലേക്ക് കുട്ടികളെ നയിക്കുക.
- കുഞ്ഞു ചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു.

### പ്രവർത്തനഘട്ടങ്ങൾ:

SRG യിൽ അവലോകനം – മെയ് അവസാനം.
സി.പി.ടി.എ യിൽ അവലോകനം – ജൂൺ ആദ്യവാരം.
കുട്ടികളും, രക്ഷിതാക്കളും ചേർന്ന വായന ആരംഭിക്കുന്നു – ജൂലൈ.

വായനോത്സവം: ഓരോ മാസവും കുട്ടികൾ വായിച്ച പുസ്തകങ്ങളിലെ പ്രധാന ആശയങ്ങൾ, ചിത്രീകരണം

ചുമതലകൾ.

ക്ലാസ് ടീച്ചർ

രക്ഷിതാവ്.

സാമ്പത്തികം:. ക്ലാസ് ടീച്ചർ.

<u>സംയുക്ത ഡയറി:</u>

<u>ലക്ഷ്യ പ്രസ്താവനകൾ:</u>

- സ്വന്തം അനുഭവങ്ങൾ പറയാനും, എഴുതാനും കഴിയുന്നു.
- സ്വതന്ത്ര രചന നടത്തുന്നതിന്.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന്.

പ്രവർത്തനഘട്ടങ്ങൾ.

SRG യിൽ മികച്ച ഡയറിയുടെ അവതരണം - ജൂലൈ ആദ്യവാരം.

CPTA യിൽ ഡയറി പരിചയപ്പെടുത്തൽ, രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ - ജൂലൈ രണ്ടാം വാരം.

എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ - ജൂലൈ.

ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു - അതാത് ദിവസം.

കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവയ്ക്കുന്നു - ജൂൺ- മാർച്ച്.

സംയുക്ത ഡയറി പ്രകാശനം - ജനുവരി
ചുമതല - ക്ലാസ് ടീച്ചർ, രക്ഷിതാവ്.

പാട്ടരങ്ങ്:

ലക്ഷ്യപ്രസ്താവനകൾ

- പാഠപുസ്തകത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റയ്ക്കും, ഗ്രൂപ്പായും അവതരിപ്പിക്കുന്നു.
- ഈണം, താളം, ഭാവം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സാധിക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തന ക്രമം എന്നിവ SRGയിൽ ചർച്ച - (ജൂൺ ആദ്യവാരം)
- കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ സെപ്തംബർ മുതൽ ഫെബ്രുവരി മാസം ബാലസഭയിൽ.

ചുമതല: ക്ലാസ് ടീച്ചർ, രക്ഷിതാവ്.

വീഡിയോസ് തിയേറ്റർ

ലക്ഷ്യപ്രസ്താവനകൾ.

- ദൃശ്യവൽ കുട്ടികൾ മികച്ചവായനക്കാരായി മാറുന്നു
- പാഠപുസ്തകങ്ങളിലെയും, ലഘുബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ വീഡിയോസ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.

നാട്ടുവിശേഷം, കുറെപൂക്കൾ.

ലക്ഷ്യപ്രസ്താവനകൾ.

- പരിസര പഠനത്തിലൂടെ ഭാഷാ പഠനസാധ്യതകൾ ഒരുക്കുന്നു.
- പ്രകൃതി നിരീക്ഷണത്തിലൂടെ ശേഖരിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ പറയുവാൻ കഴിയുന്നു.
- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- പാഠ പുസ്തകങ്ങളിലെ ആശയങ്ങൾക്കനുയോജ്യമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നു

പ്രവർത്തനഘട്ടങ്ങൾ

- പ്രകൃതി നടത്തം - കുട്ടികൾ.
- പാഠഭാഗങ്ങൾക്കനുയോജ്യമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നു.

വായനോത്സവം:

ലക്ഷ്യപ്രസ്താവനകൾ.

- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു.
- കുട്ടികളിൽ വായനാശീലം വളർത്തുന്ന ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.
- വായനാ കുറിപ്പ് തയ്യാറാക്കുന്നു.

## പ്രവർത്തന ഘട്ടങ്ങൾ:

SR ഗിൽ ചർച്ച ചെയ്യുന്നു. - ജൂൺ ആദ്യവാ
CPTA യിൽ ചർച്ച ചെയ്യുന്നു. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു. (ജൂലൈ ആദ്യവാരം)
ഓരോ മാസവും വായനോത്സവം നടത്തുന്നു.
മാതൃകാ വായന- അധ്യാപിക - ജൂലൈ- മാർ

## ഭാഷോത്സവം:

### ലക്ഷ്യപ്രസ്താവനകൾ:

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കാനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ [illegible] സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു.
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
- ആശയങ്ങളെ/അനുഭവങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്നു.

### പ്രവർത്തന ഘട്ടങ്ങൾ.

- ഭാഷോത്സവം SR ഗിൽ ആസൂത്രണം ചെയ്യുന്നു.
PTA യിൽ പിന്തുണ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു.
- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

ചുമതല : ക്ലാസ് ടീച്ചർ, CPTA.

അക്കാദമിക് മാസ്റ്റർപ്ലാൻ

ഗണിതം.

ക്ലാസ്: 2

ജി.എൽ.പി.എസ്. പറയഞ്ചേരി.

2025 - 2026

# അക്കാദമിക് മാസ്റ്റർ പ്ലാൻ. 1

സ്കൂൾ: GLPS Parayanchery.

ക്ലാസ്സ് : 2 . വിഷയം: ഗണിതം.

ഉള്ളടക്കം:

ആമുഖം.

രൂപങ്ങൾ തിരിച്ചറിയൽ

- സംഖ്യാബോധം (50 വരെയുള്ള സംഖ്യകൾ)
- 200 വരെയുള്ള സംഖ്യകളുടെ രൂപീകരണം.
- നോട്ടുകൾ പരിചയപ്പെടാം.
- സങ്കലനം.
- സംഖ്യാകേളികൾ

| Serial no | പ്രവർത്തനങ്ങൾ | കാലയളവ്. |
|---|---|---|
| 1 | ചുറ്റുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് വിവിധ രൂപങ്ങൾ തിരിച്ചറിയുക, രൂപങ്ങളിൽ നിന്ന് നിർമ്മിക്കാവുന്നവ തിരിച്ചറിയുക, വിവിധ രൂപങ്ങൾ ചേർത്ത് ചിത്രങ്ങൾ നിർമ്മിക്കുക, | ജൂൺ-ജൂലൈ (ആദ്യ ആഴ്ച) |
| 2 | 50 വരെയുള്ള സംഖ്യകൾ സംഖ്യകളിലും അക്ഷരങ്ങളിലും എഴുതുക. | ജൂലൈ. |
| 3 | 200 വരെയുള്ള സംഖ്യകൾ രൂപീകരിക്കുക, വായിക്കുകയും എഴുതുകയും ചെയ്യുന്നു. | ആഗസ്റ്റ്. |
| 4 | നാണയങ്ങളും നോട്ടുകളും പരിചയപ്പെടുന്നു. ഒരേ സംഖ്യയെ വ്യത്യസ്ത സംഖ്യകളുടെ തുകയായി രേഖപ്പെടുത്താൻ കഴിയുന്നു. | സെപ്തംബർ - ഒക്ടോബർ |
| | | |

| | | |
|---|---|---|
| 5 | നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾക്ക് സങ്കലനക്രിയകൾ ഉപയോഗിക്കുന്നു. സങ്കലനക്രിയകൾ മനസ്സിലാക്കി ചെയ്യുന്നു. | ഒക്ടോബർ |

ആമുഖം:

2-ാം ക്ലാസിലെ കുട്ടികളുടെ സംഖ്യാബോധം, സങ്കലന… രൂപങ്ങൾ തിരിച്ചറിയൽ, ഗുണനക്രിയയെക്കുറിച്ചുള്ള ധാരണ എന്നിവ മെച്ചപ്പെടുത്തുന്നതിനു വേണ്ടി ആസൂത്രണം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങളാണ് ഈ വാർഷിക പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

രൂപങ്ങൾ തിരിച്ചറിയൽ

പ്രവർത്തന ലക്ഷ്യങ്ങൾ:

- ചുറ്റുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് വിവിധ രൂപങ്ങൾ തിരിച്ചറിയുന്നു
- വ്യത്യസ്ത വരകൾ തിരിച്ചറിയുന്നു.
- വിവിധ രൂപങ്ങൾ ചേർന്ന് പുതിയ ചിത്രങ്ങൾ രൂപീകരിക്കുന്നു
- രൂപങ്ങൾ വരക്കുകയും നിർമ്മിക്കുകയും ചെയ്യുന്നു.

പ്രവർത്തന ഘട്ടങ്ങൾ

വട്ടം, ചതുരം, ത്രികോണം തുടങ്ങിയ രൂപങ്ങൾ കടലാസിൽ വെട്ടിയെടുത്ത് പരിചയപ്പെടുത്തുന്നു.

കുട്ടികൾ ഈ രൂപങ്ങൾ ചേർത്ത്, ഗോപുരങ്ങളുണ്ടാക്കി വരക്കുന്നു
ചതുരം, വൃത്തം, ത്രികോണം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ ചിത്രങ്ങൾ വരക്കുന്നു.
വിവിധ രൂപങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു വീടിന്റെ മാതൃക നിർമ്മിക്കുന്നു.

സംഖ്യാബോധം

ലക്ഷ്യ പ്രസ്താവന.

നിത്യജീവിതവുമായി ബന്ധപ്പെട്ട 50 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നു.
50 വരെയുള്ള സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

ഈർക്കിലുകൾ, വിത്തുകൾ, മുത്തുകൾ എന്നിവ ഉപയോഗിച്ച് പത്തിന്റെയും, ഒന്നിന്റെയും കൂട്ടങ്ങളുടെ ഉപയോഗം പൊരുത്തപ്പെടുത്തി സംഖ്യകൾ എഴുതുന്നു.
- സംഖ്യാകാർഡുകൾ, അവതരണത്തിലൂടെയും ധനം മാല കാർഡുകൾ കൊണ്ട് കുട്ടികൾ ഓരോന്നിനും ചോദിച്ച നിരയിൽ കൂട്ടങ്ങളാക്കുന്നു.

200 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
പ്രവർത്തന ലക്ഷ്യങ്ങൾ

- 200 വരെയുള്ള സംഖ്യകൾ വായിക്കാനും എഴുതാനും ചെയ്യുന്നു.
- കൂട്ടങ്ങൾ താരതമ്യം ചെയ്ത് കൂടുതൽ, കുറവ് തുല്യം എന്നിവ കണ്ടെത്തുന്നു.
- സ്ഥാനവിലക്കനുസരിച്ച് സംഖ്യകളെ ചേർത്തെഴുതാനും പിരിച്ചെഴുതാനും കഴിയുന്നു.
- 100 നോട് 10 വീതം കൂട്ടി 200 വരെ എഴുതുന്നു
- മൂന്നക്ക സംഖ്യകളെ വലുപ്പക്രമത്തിൽ ക്രമീകരിക്കാൻ കഴിയുന്നു.
- 2 നൂറുകൾ ചേർന്നതാണ് 100 എന്ന ആശയം രൂപീകരിക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ

- 200 വരെയുള്ള സംഖ്യകൾ അക്കത്തിലോ അക്ഷരത്തിലോ എഴുതിയത് കാണുമ്പോൾ അവയെ ഉരുപ്പടി വസ്തുക്കളുടെ ചിത്രത്തിൽ കൂട്ടങ്ങളാക്കുന്നു.
- മൂന്നക്ക സംഖ്യകളെ ഒന്നുകൾ, പത്തുകൾ, നൂറുകൾ എന്നിങ്ങനെ പിരിച്ചെഴുതുന്നു.
- പിരിച്ചെഴുതിയ കൂട്ടങ്ങളെ ചേർത്ത് മൂന്നക്ക സംഖ്യകൾ രൂപീകരിക്കുന്നു.
- 10 വീതം കൂട്ടി കൂട്ടി 200 വരെ എഴുതുന്നു
- 10 പത്തുകൾ ചേർന്നതാണ് നൂറ് എന്ന് തിരിച്ചറിയുന്നു.
- രണ്ട് നൂറുകൾ ചേർന്നതാണ് 200 എന്ന് തിരിച്ചറിയുന്നു. (വസ്തുക്കൾ ഉപയോഗിച്ച് 10 ന്റെ 100 ന്റെയും കൂട്ടങ്ങൾ രൂപീകരിക്കുന്നു).

നോട്ടുകൾ പരിചയപ്പെടാം.

5, 10, 20, 50, 100, 200 എന്നീ നോട്ടുകൾ പരിചയപ്പെടുന്നു

ഒരു നോട്ടിനെ വ്യത്യസ്ത നോട്ടുകളാക്കി മാറ്റിയെടുത്താൻ കഴിയുന്നു

100 രൂപയെ വ്യത്യസ്ത രീതിയിൽ ചിലവാക്കാൻ കഴിയുന്നു.

പ്രവർത്തന ഫലങ്ങൾ

കളി നോട്ടുകൾ ഉപയോഗിച്ച് നോട്ടിനെ ചില്ലറയാക്കൽ ചില്ലറ നോട്ടുകൾ കിട്ടുന്നു. (ചില്ലറവാങ്ങൽ കളി)

ശേഷം കളി നോട്ടുകൾ ഉപയോഗിച്ചുകൊണ്ട കൊടുക്കൽ വാങ്ങലുകളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കുന്നു.

സങ്കലനം

പ്രവർത്തന ലക്ഷ്യങ്ങൾ

- 100 വരെയുള്ള സംഖ്യകൾ തുകയായി വരുന്ന രണ്ട് രണ്ടക്ക സംഖ്യകളുടെ സങ്കലനം, മനക്കണക്കായി ചെയ്യുക.
- തുക 200-ൽ താഴെ വരുന്നതും രണ്ടക്ക സംഖ്യകൾ മാത്രം ഉൾപ്പെടുന്നതുമായ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലന ക്രിയകൾ ഉപയോഗിക്കുന്നു

## പ്രവർത്തന ഘട്ടങ്ങൾ.

- പത്തുകളുടെയും ഒന്നുകളുടെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കുന്നു.
- സംഖ്യകളെ 10 കൂട്ടങ്ങളും ഒന്നുകളുമായി പുനക്രമീകരിച്ച് സങ്കലന ക്രിയ ചെയ്യുന്നു.
- സങ്കലന ക്രിയകളുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- സംഖ്യകളെ രണ്ടോ, അതിലധികമോ സംഖ്യകളുടെ തുകയായി എഴുതുന്നു.
- സംഖ്യകളുടെ ഇരട്ടി, പകുതി എന്നിവ കണ്ടെത്തുന്നു.

GLPS. PARAYANCHERY

# ACADEMIC MASTER PLAN :

ENGLISH

2025-26

Academic master plann.
Subject: English.
GLPS Parayanchery.
Standard : 2

2025-26.

| ...jectives. | Activities. | Duration | Duty | |
|---|---|---|---|---|
| ... speak ...ad and ...ite English ...hout any ...stakes. | Picture reading | June | class tr. | |
| ... develop ...ading skills ...d listening ...ills. | Description, picture reading, picture description, self introduction assembly activities, Speech, riddles etc. | June - July. | Class tr. | |
| ...eading skills | News paper reading, Library book review, reading news paper, find words, collect and read rhyming words, describing words and text book activities | August | class tr. | |
| ...riting skills | word web, picture description, word chain riddles, conversations add more lines, story | June - March. | Class tr. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മലയാളം

ക്ലാസ്: 3.

ജി.എൽ.പി.എസ്. പായഞ്ചേരി.

ജി. എൽ. പി. എസ് പായഞ്ചേരി.

അക്കാദമിക് മാസ്റ്റർ പ്ലാൻ.

ക്ലാസ്സ്: 3 വിഷയം: മലയാളം.

ലക്ഷ്യങ്ങൾ:

- നാടൻപാട്ട് കേട്ടും താളമിട്ട് പാടിയും ആസ്വദിക്കുക.
- വായ്ത്താരി നിർമ്മാണത്തിൽ പ്രാവീണ്യം നേടുക.
- പഴഞ്ചൊല്ലുകളും, നാട്ടുമൊഴിവഴക്കങ്ങളും സ്വന്തം ഭാഷാ പ്രയോഗങ്ങളിൽ ഉൾപ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കുക.
- സാഹിത്യരചനകൾ വായിച്ചുകേട്ടും, സ്വയം വായിച്ചും ആസ്വദിക്കുക.

| നം | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | വായ്ത്താരിച്ചന്ത<br>• വ്യത്യസ്ത ഈണങ്ങളിലുള്ള വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ കേൾക്കുന്നു. അവ തിരിച്ചറിയുന്നു.<br>വായ്ത്താരി വേദി<br>• ശേഖരിച്ച വായ്ത്താരികൾ പ്രദർശന സർഗ്ഗവേള ബാലസഭ എന്നിവയിൽ അവതരണം.<br>• വ്യത്യസ്ത ഈണങ്ങളിൽ പാടാനുള്ള അവസരം.<br>• ശേഖരിച്ച വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ അടങ്ങിയ പതിപ്പ് തയ്യാറാക്കൽ<br>• നാടൻ പാട്ട് ശില്പശാല.<br>• പാവനാടകം പരിചയപ്പെടുത്തൽ<br>• പാവനാടക അവതരണം. | ജൂൺ |
| | പഴഞ്ചൊൽ ചെപ്പ്.<br>• പഴഞ്ചൊല്ലുകൾ ശേഖരണം.<br>• പഴഞ്ചൊല്ലുകളിൽ അ... | ജൂൺ– ജൂലൈ |

| | | |
|---|---|---|
| | ഒരുദിനം ഒരു പഴഞ്ചൊല്ല്<br>• കുട്ടികൾക്ക് ഒരുദിനം ഒരു പഴഞ്ചൊല്ല് നൽകുന്നു. പഴഞ്ചൊല്ലിലെ ആശയങ്ങൾ ചെപ്പിപ്പിക്കുന്നു.<br>• പഴഞ്ചൊല്ല് പൊലിമ എന്ന പതിപ്പ് നിർമ്മാണം. | |
| 3 | റീഡേഴ്സ് തിയേറ്റർ<br>• കുട്ടികൾക്ക് പരിചിതമായ ഒരു കഥ നൽകുന്നു.<br>• വായന അവസരം<br>• കഥാപാത്ര വിശകലനം<br>• കഥാപാത്രങ്ങളെ കണ്ടെത്തൽ<br>• ആരാണ് നരേറ്റർ<br>• നരേറ്റർ സംസാരിക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തൽ<br>• സ്ക്രിപ്റ്റ് രചന,<br>• സ്ക്രിപ്റ്റ് വായന.<br>• അവതരണം. | ജൂലായ്. |
| 4 | കടങ്കഥ.<br>• കടങ്കഥ മുൻ അറിവ് പരിശോധന.<br>• വിവിധ മേഖലകളുമായി ബന്ധപ്പെട്ട കടങ്കഥകൾ ശേഖരിക്കൽ<br>• കടങ്കഥ നിർമ്മാണം<br>• കടങ്കഥ പതിപ്പ് നിർമ്മാണം<br>• കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം ആൽബം തയ്യാറാക്കൽ | ജൂലായ് - ആഗസ്റ്റ്. |
| 5 | കഥോത്സവം<br>• നാട്ടുകഥകൾ ശേഖരണം<br>• നാട്ടുകഥകൾ അവതരണം<br>• കഥാപാത്ര ചിത്രീകരണം | |

| | | |
|---|---|---|
| | • സ്വന്തം ആശയത്തിൽ കഥാരചന.<br>• കഥാ പൂരണം<br>• കേട്ട കഥകൾ നാടകമായി അവതരിപ്പിക്കൽ.<br>• നാട്ടുകഥകൾ ശേഖരിച്ചവതരിപ്പിക്കുന്നു<br>• ഓരോ കഥയുടെയും അവതരണത്തിന് ശേഷം ഉള്ളടക്ക ചർച്ച. | ആഗസ്റ്റ് |
| 6 | നിഘണ്ടു പരിചയം<br>• മലയാള അക്ഷരങ്ങൾ 'അ' കാരാദി ക്രമത്തിൽ എഴുതുന്നു നിർദ്ദിഷ്ട വാക്കുകളുടെ അർത്ഥം കണ്ടെത്തുന്നു. | ജൂലൈ - മാർച്ച് |
| | ലക്ഷ്യം: ആശയ വ്യക്തതയോടെ അക്ഷരത്തെറ്റില്ലാതെ എല്ലാ കുട്ടികളും വായിക്കാനും എഴുതാനും പ്രാപ്തരാക്കൽ. | |
| | പ്രവർത്തനം | കാലയളവ് |
| 1 | • കുട്ടി കേട്ട ഒരു കഥ പറയൽ<br>• അവധിക്കാല അനുഭവങ്ങൾ പറയൽ<br>• രക്ഷിതാക്കൾക്ക് മൂന്നാം ക്ലാസിൽ കുട്ടി നേടേണ്ട ഭാഷാ ശേഷികളെ കുറിച്ച്, കുട്ടികൾക്ക് നൽകേണ്ട പിന്തുണയെ കുറിച്ച് ബോധവത്കരണ ക്ലാസ്സ് | ജൂൺ |
| 2 | • രക്ഷിതാക്കളുടെ സഹായത്തോടെ അക്ഷര കാർഡുകൾ നിർമിക്കുന്നു.<br>• നിശ്ചിത പദങ്ങൾ ടെക്സ്റ്റിൽനിന്നു കണ്ടെത്തൽ.<br>• വീട്ടിലെ ഒരു അക്ഷരമരം<br>• | ~~ആഗസ്റ്റ്~~ ജൂലൈ |
| 3 | വളരുന്ന അക്ഷരമാലത്തിരി (ഓരോ ആഴ്ചയിലും 5 ദിവസത്തേക്ക് 5 അക്ഷരങ്ങൾ നൽകുന്നു) അക്ഷരവുമായി ബന്ധപ്പെട്ട വാക്കുകൾ | |

| | | |
|---|---|---|
| | ഓണപ്പതിപ്പ് (ചിത്രങ്ങൾ, പാട്ടുകൾ, പദങ്ങൾ)<br>• [illegible] പച്ചക്കറിത്തോട്ടം നിരീക്ഷിച്ച് പച്ചക്കറികൾ തിരിച്ചറിയുന്നു. പേരുകൾ എഴുതുന്നു. | സെപ്തംബർ |
| 4 | • വായനക്കാർഡ് നിർമ്മാണം (ചിത്രം നൽകിയത്)<br>• പദച്ചങ്ങല.<br>• ചിഹ്നങ്ങൾ ചേർക്കൽ.<br>• ചിഹ്നങ്ങളും, അക്ഷരങ്ങളും, വർണ്ണങ്ങളും എഴുതിയ കാർഡ് നൽകി പദ നിർമ്മാണം<br>• തെറ്റ് തിരുത്തൽ. | ഒക്ടോബർ |
| 5 | • ചിത്രവായന<br>• ചിത്രം നോക്കി കഥ പറയാം<br>• ബോക്സിൽ പറയുന്ന പദം, മറ്റു ബോക്സുകൾ കണ്ടെത്തിപ്പറയൽ<br>• സംഭാഷണം തയ്യാറാക്കൽ. | നവംബർ |
| 6 | • കൂട്ടവായന: കുട്ടികൾ പരസ്പരം സഹായിച്ച് വായിക്കുന്നു.<br>• വായന ചങ്ങല – വായന കാർഡ് നൽകൽ<br>• ചിത്രം നൽകി വിവരണം എഴുതൽ | ഡിസംബർ |
| 7 | • ചിത്രങ്ങളുടെ സഹായത്തോടെ അടിക്കുറിപ്പ് എഴുതൽ.<br>• രക്ഷിതാക്കൾക്ക് കവിത രചന മത്സരം - തെരഞ്ഞെടുത്തവ ക്ലാസിൽ വായന കാർഡ് ആക്കൽ.<br>• വായന കാർഡിൽ വരികൾ കൂട്ടി ചേർക്കൽ ടീച്ചറും കുട്ടികളും വായിച്ചു വരുന്നു. | ജനുവരി |
| 8 | • കുഞ്ഞുവായന - ഇതരപാഠ കഥകളുടെ പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു.<br>• കൈയെഴുത്ത് മാസിക. | |

| | | |
|---|---|---|
| | • ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച് സ്വന്തം ഭാഷയിൽ കഥ പറയുക.<br>• കഥ പൂർത്തിയാക്കൽ<br>• ചിത്രം നോക്കി കഥ പറയലും കഥ എഴുതലും. | ഫെബ്രുവരി. |
| 9 | വായനാക്കുറി –<br>കഥ പുസ്തകങ്ങൾ വായിക്കൽ.<br>• കഥാ രചന, അവതരണം - | മാർച്ച് |
| | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ് : 3

## പരിസര പഠനം:

2024 - 25

# ജി. എൽ. പി. എസ് പായമ്പരി.

## അക്കാദമിക് മാസ്റ്റർ പ്ലാൻ. പരിസരപഠനം

Standard : 3

ലക്ഷ്യം. ചുറ്റുപാടുമുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്കനുസരിച്ച് സാമ്യങ്ങളും, വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് തരംതിരിക്കുക ചെയ്യുന്നു.

| Sl.no. | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1. | ഞാനും എന്റെ പരിസരവും<br>• ജൈവവൈവിധ്യ ഉദ്യാനസന്ദർശനം: സസ്യങ്ങളെ നിരീക്ഷിക്കൽ, പ്രത്യേകതകൾക്കനുസരിച്ച് തരംതിരിക്കൽ മരങ്ങൾ, കുറ്റിച്ചെടികൾ, വർഗീകരണം, സസ്യങ്ങളുടെ വളർച്ചാഘട്ടങ്ങൾ മനസ്സിലാക്കൽ.<br>• ജൈവ വൈവിധ്യ ഉദ്യാനനിർമാണം<br>• സ്കൂൾ പൂന്തോട്ട നവീകരണം.<br>• വീട്ടിൽ പൂന്തോട്ടം നിർമിക്കൽ | ജൂൺ- ജനുവരി. |

ലക്ഷ്യം 2: പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക.

| Sl.no | പ്രവർത്തനം | |
|---|---|---|
| 1 | - ചുറ്റുപാടുമുള്ള ജീവികളെ നിരീക്ഷിക്കാം<br>- പ്രത്യേകതകൾ മനസ്സിലാക്കാം.<br>- വിവിധ ആവാസവ്യവസ്ഥകൾ കണ്ടെത്താം<br>- ഫീൽഡ് ട്രിപ്പ്.<br>- ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച.<br>- നമ്മുടെ ചുറ്റുപാടുമുള്ള മലിനീകരണങ്ങളും അന്വേഷിച്ചറിയാം, സ്വയം തിരുത്താം. | |

| | | |
|---|---|---|
| | പ്രകൃതിക്ക് ഭീഷണിയാകുന്ന മാലിന്യ ത്തിന്റെ ചില ഉദാഹരണങ്ങളാണ് ഇവ. (ഡോക്യുമെന്ററി പ്രദർശനം) ചർച്ച - ക്രോഡീകരണം | ജൂൺ- ഒക്ടോബർ |
| 2 | പൂന്തോട്ടം ഒരുക്കൽ<br>- സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>- വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ- മാർച്ച് |
| 3 | ഒരു തൈ നടാം<br>- പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ.<br>- നട്ട വൃക്ഷത്തെ പരിപാലിക്കൽ | ജൂൺ |
| 4 | പോസ്റ്റർ നിർമ്മാണം<br>- പ്രകൃതി സംരക്ഷണ പോസ്റ്ററുകൾ തയ്യാറാക്കൽ<br>- പരിസരങ്ങളിൽ പതിക്കൽ | മാർച്ച്- മെയ് |
| 5 | ദാഹജലം<br>- പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | മാർച്ച്- മെയ് |

ലക്ഷ്യം: 3 കുട്ടികളെ വ്യക്തി ശുചിത്വ പരിസര ശുചിത്വ ഉള്ളവരാക്കി മാറ്റുക.

| ക്ര. നം | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | ദിനകൃത്യങ്ങൾ<br>- കാലത്ത് ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>- കുട്ടികളെ ഗ്രൂപ്പുകളാക്കി ലീഡറെ വെച്ച് പരിശോധിക്കുന്നു. പരിശോധന ചുമതല ഗ്രൂപ്പിന് നൽകുന്നു. | |

| ക്രമ നം | പ്രവർത്തനങ്ങൾ | കാലയളവ്. |
|---|---|---|
| 2 | നമ്പർ വൺ:<br>ക്ലാസ്സ് തലത്തിൽ ശുചിത്വ മത്സരം.<br>- വ്യക്തി ശുചിത്വം, ക്ലാസ്സ് പരിസര ശുചിത്വം എന്നിവ അടിസ്ഥാനമാക്കി മാർക്ക് നൽകുന്നു. | ജൂലൈ - മാർച്ച് |
| 3 | പരിസര നടത്തം.<br>- നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം.<br>സർവ്വേ<br>- മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു<br>- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ | ജൂൺ - ഫെബ്രുവരി |
| 4 | നല്ല ശീലം.<br>പോസ്റ്ററുകൾ തയ്യാറാക്കാം, പരിസരങ്ങളിൽ പതിക്കാം. | ജൂലൈ - മാർച്ച് |

ലക്ഷ്യം: 4: ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക.

| ക്രമ നം | പ്രവർത്തനങ്ങൾ | മാസങ്ങൾ |
|---|---|---|
| 1. | ഹെർബൽ ഗാർഡൻ<br>നമ്മുടെ പരിസ്ഥിതിയെ അറിയുന്നതിനായി ഹെർബൽ ഗാർഡൻ സംഘടിപ്പിക്കുന്നു. | ജനുവരി - മാർച്ച് |
| 2 | പരീക്ഷണങ്ങൾ<br>- ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ - ഫെബ്രുവരി. |

| | | |
|---|---|---|
| 3 | ശാസ്ത്രജ്ഞനോടൊപ്പം | ഡിസംബർ |
| 4 | - ഉദ്ദേശ്<br>- മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. | ഫെബ്രുവരി |
| 4 | പക്ഷിനിരീക്ഷണം<br>- പക്ഷികളെ നിരീക്ഷിക്കുന്നു<br>- നിരീക്ഷിച്ച പക്ഷികളുടെ പേരുകൾ എഴുതുന്നു | ജനുവരി-<br>മാർച്ച് |

# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

## ഗണിതം

CLASS : 3

GLPS Parayancheri.    Standard 3.

# അക്കാദമിക് മാസ്റ്റർപ്ലാൻ

വിഷയം: ഗണിതം

ലക്ഷ്യം: 1. നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾ, കളികൾ എന്നിവയുടെ ഭാഗമായി ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു, തരംതിരിക്കുന്നു നിർമിക്കുന്നു. നിർമാണങ്ങളിലും മറ്റും കാണുന്ന ജ്യാമിതീയ ഭംഗി ആസ്വദിക്കുന്നു. രൂപങ്ങൾക്ക് നിറം നൽകി ഭംഗിയുള്ള പാറ്റേണുകൾ നിർമിക്കുന്നു. നമ്മുടെ ചുറ്റുപാടും നിരീക്ഷിച്ച വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്നു. അവയുടെ സൗന്ദര്യം ആസ്വദിക്കുന്നു. യുക്തി സമർത്ഥിക്കുന്നു. പാറ്റേണുകൾ വരയ്ക്കുന്നു.

| Sl നം | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1. | പ്രവേശനോത്സവം.<br>• വിവിധ ഗണിതരൂപങ്ങൾ കൊണ്ടുള്ള തോരണങ്ങളുടെ നിർമാണം. രൂപങ്ങൾ മനസ്സിലാക്കൽ. പ്രത്യേകതകൾ തിരിച്ചറിയൽ.<br>• ഗണിതരൂപങ്ങൾ ഉപയോഗിച്ച് വിവിധ രൂപങ്ങൾ നിർമിക്കൽ<br>• തൊപ്പി നിർമാണം: രൂപങ്ങൾ കണ്ടെത്തൽ.<br>• ഗണിതരൂപങ്ങൾ ഉപയോഗിച്ച് വിവിധ ചിത്രങ്ങൾ തയ്യാറാക്കൽ<br>• ഗണിതരൂപ ചിത്രപതിപ്പ് നിർമാണം.<br>• വെണ്ടയ്ക്കയിൽ പ്രിന്റിങ് തയ്യാറാക്കൽ.<br>• തീപ്പെട്ടിക്കൂടുകൾ ഉപയോഗിച്ചുകൊണ്ടുള്ള വിവിധ ഗണിതരൂപങ്ങളുടെ നിർമാണം. | ജൂൺ |

ലക്ഷ്യം: 2 : മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികളും 1 മുതൽ 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ ഉറപ്പിക്കുക.

| Sl.No | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1. | കളം നിറയ്ക്കാം.<br>1 മുതൽ 100 വരെയുള്ള കളം ബോർഡ് ഉപയോഗിച്ച് സംഖ്യകളെ യഥാസ്ഥാനത്ത് ക്രമീകരിക്കുക. | ജൂലായ് |
| 2 | നറുക്കെടുക്കാം.<br>- സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>- കിട്ടിയ സംഖ്യ വായിക്കാം<br>- മറ്റുള്ളവർ സംഖ്യ എഴുതുന്നു | ജൂൺ |
| 3 | 10 ചങ്ങാതിമാർ<br>- സംഖ്യ നറുക്കെടുക്കുന്നു.<br>- കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച് തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതുന്നു. | ജൂൺ |
| 4 | പാറ്റേൺ പൂർത്തിയാക്കാം.<br>വിവിധ സംഖ്യാപാറ്റേണുകൾ പൂർത്തിയാക്കുക | ജൂൺ–സെപ്തംബർ |
| 5 | ക്രമത്തിലാക്കാം.<br>വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br>- ആരോഹണക്രമത്തിലും അവരോഹണക്രമത്തിലും എഴുതുന്നു. | ജൂൺ–ഓഗസ്റ്റ് |

ലക്ഷ്യം: 3

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക/നാലക്ക സംഖ്യകൾ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ.

| Sl no | പ്രവർത്തനം | കാലയളവ് |
| --- | --- | --- |
| 1. | ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യയെഴുതാം.<br>- കാർഡുകൾ ഉപയോഗിച്ച്, 1, 10, 100, 1000 - ന്റെ കൂട്ടങ്ങളാക്കിയെഴുതാം | ജൂൺ |
| 2 | സംഖ്യാ സൂത്രൻ<br>- ഓരോ കുട്ടിയും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>- ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റിയെഴുതാം | |
| 3 | ക്രമീകരിക്കാം:<br>അബാക്കസ് നിർമ്മാണം.<br>- സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം.<br>സ്ഥാന വില ബോക്സ് ഉപയോഗിച്ച് സംഖ്യകൾ ക്രമീകരിക്കാം. | |

ലക്ഷ്യം: 4 മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ, അവസരം ഒരുക്കൽ.

| Sl no | പ്രവർത്തനം | കാലയളവ് |
| --- | --- | --- |
| 1 | കച്ചവടക്കണക്ക്.<br>കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ എന്നിവയ്ക്ക് വില നൽകി ക്രമീകരിക്കാം. | ഫെബ്രുവരി |

| | | |
|---|---|---|
| | ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിക്കുന്നു.<br>- ആവശ്യമുള്ളവ അളന്നെടുക്കുന്നു.<br>- കളിനോട്ട് ഉപയോഗപ്പെടുത്തി ക്രയവിക്രയം നടത്തുന്നു<br>- സാധനങ്ങൾ വാങ്ങുന്നതിന് നോട്ട് (കളിനോട്ട്) താരതമ്യം ചെയ്യുകയും ചെയ്യുന്നു.<br>- ഗ്രൂപ്പിൽ ചർച്ച നടക്കുന്നു.<br>- പ്രശ്നങ്ങൾ ടീച്ചറുടെ സഹായത്തോടെ പരിഹരിക്കുന്നു. | |
| 2 | സമയചക്രം.<br>ബ്ലാക്ക് ആൻഡ് വൈറ്റ് ചാർട്ട് ഉപയോഗിച്ച് ~~സമയ~~ സമയചക്രം നിർമ്മിക്കുന്നു. (mn/ftn)<br>- സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന പരിഹാരത്തിന് ഉപയോഗപ്പെടുത്തുന്നു | ~~ജൂലൈ~~ |

ലക്ഷ്യം: 5 : മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

| Sl.no | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| 1. | സംഖ്യാചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>- അവതമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം. | ജൂലൈ - മാർച്ച്. |
| 2 | ഭാഗ്യവാനെ കണ്ടെത്താം.<br>ടീച്ചർ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>- വിവിധ ചതുഷ്ക്രിയകൾ അടങ്ങിയ നമ്പറുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>- ക്രിയ ചെയ്യാം | ജൂലൈ - ഫെബ്രുവരി. |

3 ക്രോഡീകരണം.

- വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.
- കുട്ടികൾക്ക് സംഖ്യ നുറുങ്ങുകൾ ഓർമ്മിക്കാൻ അവസരം നൽകുന്നു.
- കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരമാണെന്നു കണ്ടെത്തി അതു മൂലകളിൽ ഒട്ടിക്കാം.

Standard: 3

# Academic Master plan

# English

GLPS Parayanchery

GLPS Parayanchery. Standard: 3

Academic master plan.

Subject : English

Learning objective: Listen to instructions and engage in activities.

| No. | Activities | Duration |
| --- | --- | --- |
| 1 | - Give more chance to hearing instructions based on the day today life. & class room.<br>- Show the picture of action words.<br>- Performing actions by hearing instructions and commands. | June-December |

Learning objective: Describes the pictures.

| No | Activities | Duration |
| --- | --- | --- |
| | - The teacher shows a picture<br>- Discussion.<br>- The children talk about the picture.<br>- Slow learners: Gives opportunity to express their ideas in Malayalam | June- August |

Learning objective: Arrange words in alphabetical order.

| Activities | Duration |
|---|---|
| Dictionary<br>- Introducing the dictionary.<br>- Gives words<br>- Arranging words in alphabetical order. | July - March |

earning objective : 4 Add more exchanges to a conversation suitable to the context.

| No | Activities | Duration |
|---|---|---|
| 1 | - Reading the conversation<br>- Role plays - the conversation<br>- Add more exchanges to the conversation<br>- slow learners : Gives opportunity to express their ideas in Malayalam. | |

earning objective: 5 : Identifies rhyming words from the poem.

| o | Activities | Duration |
|---|---|---|
| 1 | - Plays the audio of song.<br>- Let the learners sing after the audio.<br>- Discussion<br>- Identifies the rhyming words. | July-September |

Learning outcome:6: Add lines to a poem following a set pattern.

| Sl.no | Activities | Duration |
| --- | --- | --- |
| 1 | Plays the audio of song. | July - December |
| 2 | - Let the learner sing after the audio. | |
| 3 | - Add lines to the poem. | |

Learning outcome:7: Read and understand the given stories and poems.

| Sl.no | Activities | Duration |
| --- | --- | --- |
| 1 | - Provides the opportunity to read simple stories and poems. | December – March. |
| 2 | - Re-tells the story they read in simple sentences | |

Makes simple riddles: (8)

| Sl No | Activities | Duration |
| --- | --- | --- |
| 1. | • Gives children the opportunity to hear and answer simple riddles.<br>• Makes simple riddles.<br>• Slow learners:- Gives opportunity to express their idea in malayalam | August-March |

Learning objective: 9. Reading card making.

| Sl no | Activities | Duration |
|---|---|---|
| | · Distribute simple and familiar pictures.<br>· Give chances to talk about pictures<br>· Find out the content.<br>- Give more chance to use simple english words.<br>· Distribute the model of English reading cards.<br>· Reading card making. | January - March |

പറയഞ്ചേരി ജി.എൽ.പി.സ്കൂൾ

# അക്കാദമിക് മാസ്റ്റർപ്ലാൻ

2025-26

നാലാം തരം

## ആമുഖം

2025-26 അധ്യയന വർഷത്തിൽ നാലാംതരത്തിൽ പഠിക്കുന്ന മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാരവും ഉള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ മാർഗരേഖ.

## ലക്ഷ്യം.

നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും ഗണിതത്തിലും പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

## പൊതു തത്വങ്ങൾ

കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഉള്ള പഠനം.
സർഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ
സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം
കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക

1 മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകപരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| ആവശ്യമായ പഠനസാമഗ്രികൾ ഒരുക്കൽ | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ | വർഷം മുഴുവൻ | HM, SRG ക്ലാസ് ടീച്ചർ | PTA |
| ക്ലാസ്‌വായന ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തകപരിചയം | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തി... |
|---|---|---|---|---|
| വായനാ കുറിപ്പ് ആസ്വാദന കുറിപ്പ് പുസ്തകസംവാദം | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ ICT | ആവശ്യാനുസരണം. | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | | | | |
| രുചിച്ചറിയാം | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | വർഷത്തിലൊന്ന് | SRG ക്ലാസ്ടീച്ചർ PTA | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തി |
|---|---|---|---|---|
| ഭക്ഷ്യമേള പാചകക്കുറിപ്പ് ശേഖര പതിപ്പ് നിർമ്മാണം, ക്ലാസ് പൊട്ട്ലക്ക് | | | | |
| ഓർക്കാം - അഭിമാനിക്കാം സാഹിത്യകാരന്മാർ | സാഹിത്യകാരന്മാരെ അടുത്തറിയൽ ഓർമ്മദിനങ്ങൾ ആചരിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ്ടീച്ചർ CPTA | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ് ലഘുപ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ്നിർമ്മാണം പ്രദർശനം. | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | വർഷത്തിലൊന്ന് | HM, SRG, CPTA ക്ലാസ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് | | | | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ പ്രദർശനം | | വർഷത്തിലൊരിക്കൽ | SRG, CPTA ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം. | | | HM | |

ഇംഗ്ലീഷ് ഭാഷാപഠനം.

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം. |
|---|---|---|---|---|
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് ഡയറി | ആഴ്ചയിൽ മൂന്ന് | ക്ലാസ്ടീച്ചർ | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ | | | | |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ skit, drama, conversation, story telling | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മക രചനാശേഷി വികസനം | മൂന്ന്മാസത്തിൽ ഒരിക്കൽ | HM, Class Teacher, SMC | SMC |
| ഇംഗ്ലീഷ് കയ്യെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമികവ് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം | രണ്ടാഴ്ചയിൽ ഒന്ന്. | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടിയിലെ ...ദിവസ ...ളിലെ ...വർത്തനങ്ങൾ ...ക്കൊള്ളിച്ച് ...ത്തു ...മായി ...ടിപ്പോട്ടുകൾ ...ടത്തൽ | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം. |
|---|---|---|---|---|
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ | വർഷത്തിൽ ഒന്ന് (അവധിക്കാലം) | SRG, SMC, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാമത്സരം രചനാമത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | | | | |

ഗണിത പഠനം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ | ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| മൂല്യനിർണ്ണയം (കണ്ണിക്കുപ്പായം ഡയസ് കളി സങ്കലനം, വ്യവകലനം കച്ചവടക്കളി | | | | |
| ഒറിഗാമിയിലൂടെ പഠിക്കാം. | ഗണിതശാസ്ത്ര പഠനം രസകരമാക്കാൻ - കരചലന ശേഷി വികാസം | വർഷത്തിൽ ഒരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഗണിതലാബ് | ഗണിതപഠനം സുതാര്യമാക്കാൻ ഗണിതലാബ് ഉപയോഗപ്പെടുത്താം | വർഷം മുഴുവൻ | HM, SRG ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുവർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുവർ ഒരുക്കൽ ഗണിതപഠനത്തിന് പ്രയോജനം ചെയ്യുന്നതാക്കൽ | | | | |
| ഗണിതം | 6 പഠനോപകരണങ്ങൾ തയ്യാറാക്കുന്നു | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പഠനോപകരണ ശില്പശാല | ഗണിത പഠനം രസകരമാക്കൽ | | | |
| പാഠ്യവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം | | | | |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |
| പ്രശ്നോത്തരി പസിൽ, പാട്ടുകൾ ഗണിത ഉത്പന്നങ്ങളുടെ പ്രദർശനം. | | | | |

പരിസര പഠനം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തി |
|---|---|---|---|---|
| പ്രകൃതിനടത്തം | നിരീക്ഷണം അറിവ് നിർമ്മാണം | കാലയളവ് അദ്ധ്യയന സമയം | HM, CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | | | | |
| ശാസ്ത്ര മേള | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | വർഷം മുഴുവൻ | HM, SRG & ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്രപഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | | | | |

| | | | | |
|---|---|---|---|---|
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താത്പര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ. | അധ്യയന സമയം | HM, SRG, CPTA, ClassTeacher | PTA, രക്ഷിതാക്കൾ |
| വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര സാഹിത്യപരിഷത്തുകൾ ഫോക്‌ലോർ അക്കാദമിക്ക് ഇവ സന്ദർശിക്കൽ | | | | |
| ദിനാചരണങ്ങൾ | ദിനാചരണ ദിനാചരണ സൂചിക | വർഷത്തിലൊന്ന് | SRG ഇൻസ്റ്റിറ്റ്യൂട്ട് | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തി |
|---|---|---|---|---|
| | പരിചയപ്പെടൽ, സൂചികാ നിർമ്മാണം ആശയങ്ങൾ ഉറപ്പിക്കൽ | | | |
| കേരളം, ഇന്ത്യ ഭൂപട വായന | | | | |
| ശാസ്ത്ര വിസ്മയ ചുവർ | ശാസ്ത്ര പഠനം രസകരമാക്കൽ | ഒഴിവു സമയം | SRG ക്ലാസ് ലീഡർ | PTA |
| ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | | | | |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | വർഷത്തിൽ ഒരിക്കൽ | HM, SRG Class Teacher | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ് ചാർട്ട് ആൽബം, പഠനോപകരണ പരീക്ഷണം) | | | | |
| ശാസ്ത്ര മാസിക | അറിവുകളുടെ ശേഖരം | വർഷത്തിലൊന്ന് | HM, SRG class Teacher | PTA |
| ശാസ്ത്രപഠനത്തിലൂടെ നേടിയ ശാസ്ത്രമാസികകളുടെ നിർമ്മാണം. | | | | |